(ബി) ഉണ്ട്. ഔട്ട്സ്റ്റേഷൻ സർവ്വീസ് കുറവായി എടുത്ത് തന്നെ സ്ഥലം മാറ്റിയതായി ശ്രീ. രവീന്ദ്രൻ, പി. കെ., ലക്ചറർ (സെലക്ഷൻ ഗ്രേഡ്) പരാതി സമർപ്പിച്ചിട്ടുണ്ട്.

(സി) പരാതി നൽകിയിട്ടുണ്ട്. ശ്രീ. രവീന്ദ്രൻ സമർപ്പിച്ച വിവരങ്ങൾ വിശദമായി പരിശോധിച്ചതിൽ അദ്ദേഹത്തിന് 9 വർഷവും 6 മാസവും 3 ദിവസവും ഔട്ട്സ്റ്റേഷൻ സർവ്വീസ് ഉള്ളതായിട്ടാണ് കാണുന്നത്. പരാതിക്ക് അദ്ധ്യാപകന് മറുപടി നൽകുന്നതാണ്.

(ഡി) ശ്രീ. പി. കെ. രവീന്ദ്രന്റെ തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള 2003-ലെ സ്ഥലം മാറ്റം ശരിയായ ഔട്ട്സ്റ്റേഷൻ സർവ്വീസ് കണക്കാക്കിയാണ്. ശ്രീ. രവീന്ദ്രനുപകരം വരുന്ന അദ്ധ്യാപകന് 10 വർഷവും 9 മാസവും 25 ദിവസവും ഔട്ട്സ്റ്റേഷൻ സർവ്വീസുണ്ട്.

(ഇ) 10 വർഷവും 5 മാസവും 14 ദിവസവും ഔട്ട്സ്റ്റേഷൻ സർവ്വീസുള്ളവർക്ക് വരെ ആദ്യ സ്ഥലമാറ്റ ഉത്തരവിൽ തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

(എഫ്) ശ്രീ. ശിവൻകുട്ടി, ലക്ചറർ (സെലക്ഷൻ ഗ്രേഡ്) യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം എന്ന അദ്ധ്യാപകനാണ് ഏറ്റവും കൂടുതൽ ഔട്ട്സ്റ്റേഷൻ സർവ്വീസുള്ളത്. 9 വർഷവും 6 മാസവും 22 ദിവസവും.

(ജി) (1) ശ്രീമതി കവിതാ ട്രീസ, 10 വർഷവും, 5 മാസവും, 14 ദിവസവും.

(2) ശ്രീ. പി. കെ. രവീന്ദ്രൻ, 9 വർഷവും, 8 മാസവും, 3 ദിവസവും.

(3) ശ്രീമതി പി. സരോജിനി, 9 വർഷവും, 8 മാസവും, 24 ദിവസവും.

## ലോകബാങ്ക് സഹായത്തോടെയുള്ള ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം

133 [5115] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെയുള്ള ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന് തെരഞ്ഞെടുക്കപ്പെട്ട കോളേജുകൾ സ്വയംഭരണ സ്ഥാപനങ്ങളായിരിക്കണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ വരുന്ന എറണാകുളം, ചെങ്ങന്നൂർ എന്നിവയ്ക്കും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനും ഈ പദ്ധതിയിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് സഹായം ലഭിച്ചു;

(സി) പ്രസ്തുത കോളേജുകൾക്ക് പൂർണ്ണ സ്വയംഭരണ പദവി നൽകിയോ;

(ഡി) ഇല്ലെങ്കിൽ ഈ കോളേജുകൾക്ക് അക്കാദമിക്-ഭരണ-ധനപരമായ സ്വയംഭരണ പദവി നൽകാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഈ സഹായം ലഭിച്ചതിനുശേഷം ഐ.എച്ച്.ആർ.ഡി.-യിൽ നിന്ന് പ്രോജക്ട് സ്ഥാപനങ്ങളെ വേർപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത കോളേജുകളിലെ ജീവനക്കാരെ മാതൃസ്ഥാപനങ്ങളായ ഐ.എച്ച്.ആർ.ഡി., ഡി.ടി.ഇ. എന്നിവയിൽ നിന്നും വേർപ്പെടുത്തി അതതു കോളേജുകളിലെ മാത്രം ജീവനക്കാരായി മാറ്റാനുള്ള നീക്കം ഗവൺമെന്റ് ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ജി) ലോക ബാങ്ക് നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രസ്തുത ബാങ്ക് ധനസഹായം അനുവദിച്ചതിനുശേഷം നടപ്പിലാക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നു. ലോക ബാങ്ക് വ്യവസ്ഥ പ്രകാരം സാമ്പത്തിക സഹായം ലഭ്യമാകണമെങ്കിൽ അക്കാദമിക്, ധനകാര്യ ഭരണപരമായ സ്വയംഭരണം പ്രസ്തുത സ്ഥാപനങ്ങൾക്ക് വേണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുവരെ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടില്ല.

(സി—ഇ) സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്, ജി) സർക്കാരിന്റെ പരിഗണനയിലാണ്.

എഞ്ചിനീയറിംഗ് കോഴ്സിന് പേയ്മെന്റ് സീറ്റുകൾക്കുള്ള ഫീസ് ഏകീകരണം

134 [5116] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ് :
,, കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പേയ്മെന്റ് സീറ്റിൽ എഞ്ചിനീയറിംഗ് കോഴ്സിന് പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാൻ നിശ്ചയിച്ചിട്ടുള്ള പ്രതിവർഷ ഫീസായ 36,000 രൂപ മുൻവർഷങ്ങളിൽ പ്രസ്തുത കോഴ്സിന് പേയ്മെന്റ് സീറ്റിൽ പ്രതിവർഷ ഫീസായി 50,000 രൂപ അടച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും ഈ വർഷം മുതൽ ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിച്ച് അവർക്കും ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന 36,000 രൂപ പ്രതിവർഷ ഫീസായി നൽകിയാൽ മതിയെന്ന ഉത്തരവ് പുറപ്പെടുവിച്ച് എഞ്ചിനീയറിംഗ് കോഴ്സിന് പേയ്മെന്റ് സീറ്റുകൾക്കുള്ള ഫീസ് ഏകീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിഗണനയിലില്ല

LIBRARY ARCHIVES Kerala Legislative Assembly